"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - മലപ്പുറം പുഴക്കാട്ടിരി കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റായിരുന്ന പരേതനായ ശ്രീ. ഹരിദാസ്. കെ യുടെ ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.413/2024/AGRI തീയതി,തിരുവനന്തപുരം, 04-05-2024

---

പരാമർശം:- 1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 23/12/2021 തീയതിയിലെ എഎ II(3) 7192/2021 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ മലപ്പുറം പുഴക്കാട്ടിരി കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റായിരുന്ന പരേതനായ ശ്രീ. ഹരിദാസ്. കെ - യുടെ ചികിത്സാർത്ഥം പെരിന്തൽമണ്ണ മൗലാന ആശുപത്രിയിൽ ചെലവായ 6,15,899/-രൂപ (ആറ് ലക്ഷത്തിപതിനഞ്ചായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി ഒൻപത് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിനു സമർപ്പിച്ചിരുന്ന അപേക്ഷ ശിപാർശ ചെയ്ത് പരാമർശം കത്ത് പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ടിയാൾ ഈ ചികിത്സയ്ക്കായി പലിശ രഹിത വായ്പ എടുത്തിട്ടില്ലെന്ന് സത്യവാങ്മൂലം മേലധികാരി സാക്ഷ്യപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ മലപ്പുറം പുഴക്കാട്ടിരി കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റ് ആയിരുന്ന പരേതനായ ശ്രീ.ഹരിദാസ്.കെ യുടെ ചികിത്സയ്ക്ക് 15.11.2020 മുതൽ 25.01.2021 വരെ പെരിന്തൽമണ്ണ മൗലാന ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ 3,06,413/-രൂപയുടെ 80 ശതമാനമായ 2,45,130/-രൂപ (രണ്ടു ലക്ഷത്തി നാൽപ്പത്തയ്യായിരത്തി നൂറ്റി മുപ്പത് രൂപ മാത്രം) പരേതന്റെ നിയമാനുസൃത അവകാശികൾക്ക് പ്രതിപൂരണംചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് ഹനീഫ.എം.എം.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ , കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.(ഒറിജിനൽ ബില്ലുകൾ സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ)/ഓഡിറ്റ് കേരള, തിരുവനന്തപുരം.
ശ്രീ.ഹരിദാസ്.കെ(Late) -യുടെ നിയമാനുസൃത അവകാശികൾക്ക്, (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന).

സ.ഉ.(സാധാ) നം.413/2024/AGRI

സബ് ട്രഷറി ഓഫീസ്, സബ് ട്രഷറി പെരിന്തൽമണ്ണ.
ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്.
ധനകാര്യ വകുപ്പ് (2668037 LNS-L8/22/2024 -ഫിൻ തീയതി 12.03.2024).
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി ( AGRI-EA2/8/2022-AGRI).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ